Wednesday, *the* — *8th December 1948.*
23rd Vrischigam 1124.

The Assembly met in the Assembly hall, Ernakulam, at 3 p. m. The Hon'ble President Mr. L. M. Pylee, M. A., B. L.) in the Chair.

Rao Bahadur T. K. Nayar, Miss Annie Joseph and Messrs K. Balakrishna Menon, Mohamad Ayub Sait, K. Natarajan Chettiar, K. Kunhi Rama Menon, A. K. Kunhimoideen and C. A. Ouseph were absent.

1. QUESTIONS AND ANSWERS.

(N. B. The numbers in ordinary thin type represent the numbers in the order of receipt of notice.)

Short notice question

2. (4) Mr. T. P. Sitharaman: Will the Goverment be pleased to state:—
(*a*) whether they are aware of the hunger-strike going on at Ammballur by the Textile Labourers;
(*b*) if so, whether any action has been taken;
(*c*) if not, why?

Mr. P. Govinda Menon (*Minister for Finance and Law*).
(*a*) There was a hunger-strike going on in Amballur.
(*b*) Yes.
(*c*) No answer is necessary in view of answer to (b).

മിസ്റ്റർ ടി. പി. സീതാരാമൻ: ആമ്പല്ലൂരിൽ Hunger Strike ചെയ്യുതൊഴിലാളികൾം അവരുടെ കാര്യങ്ങൾം സാധിച്ചുകിട്ടാത്തപക്ഷം വീണ്ടും Strike ചെയ്യുന്നതാണെന്നുള്ള ഒരു റിപ്പോർട്ട് പത്രങ്ങളിൽനിന്നു കാണുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ഒരു പത്രത്തിൽ കാണുകയുണ്ടായി.

Mr. P. K. Dewer (*Labour*): Question No 127. is also on the same subject.

Mr. President: Yes. There is another question on the same subject—question No. 127. That question also may be put.

123. (190) മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമൊ.—

ഫ്രറർ ചിങ്ങം ഫാംനു എടക്കൊച്ചിയിൽവെച്ചു രാഷ്ട്രീയ പതാകയെ അവഹേളിച്ചു സംഭവത്തെപ്പറ്റി കൊച്ചി താല്ലുക്കു യൂണിയൻ പ്രജാമണ്ഡലം സിക്രട്ടറി, ഇൻഡ്യാ ഗവർണർ ജനറൽ കൊച്ചി സന്ദർശിച്ചു അവസരത്തിൽ ഒരു നിവേദനം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ ഗവണ്മെണ്ടു് അക്കാര്യത്തിൽ വേണ്ടതു ചെയ്യുന്നതാണെന്നു് ഉറപ്പു നൽകിയതനുസരിച്ചു വല്ലതും ചെയ്തിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഈ കാര്യത്തെ സംബന്ധിച്ചു വേണ്ട നടപടികൾം എടുത്തുവരുന്നു.

NATIONAL FLAG—INSULTING OF

127. (335) മിസ്റ്റർ കെ. കെ. വിശ്വനാഥൻ: താഴെ എഴുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമൊ.—

(എ) ഇക്കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പുകാലത്തു് ഇടക്കൊച്ചിയിൽ ഒരു സമ്മേളനസ്ഥലത്തു നാട്ടിയിരുന്ന ദേശീയപതാക ചിലർ വലിച്ചു് റോട്ടിലിട്ടു് ചവുട്ടി പതാകയെ അപമാനിച്ചതായി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Viswanathan]

(ബി) ഇക്കാര്യത്തെ സംബന്ധിച്ച് അന്വേഷണം നടത്താമെന്നും ഗവണ്മെണ്ട് സമ്മതിച്ചിട്ടുണ്ടോ.

(സി) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ആക്ഷേപത്തെപ്പറ്റി അന്വേഷണം നടത്തി നടപടി എടുത്തുവരുന്നുണ്ട്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ഈ കാര്യത്തിൽ ഗവണ്മെണ്ട് എന്തു നടപടിയാണ് എടുത്തിരിക്കുന്നതെന്നു പറയുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പോലീസ്, അന്വേഷണം നടത്തിയ റിപ്പോർട്ടിന്മേൽ എന്തു നടപടിയാണ് എടുക്കേണ്ടതു് എന്നുള്ളതിനെപ്പറ്റിയും മറവും ഗവർമ്മെണ്ട് Advocate-ം ആയി ആലോചിച്ചുവരികയാണ്.

മിസ്റ്റർ പി. കെ. ഡീവർ: ഈ സംഭവം ഉണ്ടായിട്ട് എത്ര കാലമായി എന്നു പറയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സംഭവം ഉണ്ടായിട്ടുള്ളതു് ചിങ്ങമാസത്തിലാണ്.

മിസ്റ്റർ വി. കെ. ജോസഫ്; ഇത്രയും കാലമായിട്ട് ഇക്കാര്യത്തിലുള്ള അന്വേഷണം പൂർത്തിയായിട്ടില്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇതു ഒരു നിയമവാദമായിട്ടുള്ള കാര്യമായതുകൊണ്ടും ഗവണ്മെണ്ട് നേരിട്ട് നടത്തേണ്ടുന്ന ഒരു കേസ്സ് ആയതുകൊണ്ടും അതിനെപ്പറ്റി ശരിയായി അന്വേഷിക്കാതെ നിവർത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇതിനെ സംബന്ധിച്ചു പോലീസ്സിന്റെ അന്വേഷണം കഴിഞ്ഞുപൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഉവ്വ്.

മിസ്റ്റർ ഇട്ടൂര അബൂക്കൻ: ദേശിയ പതാക ഉപയോഗിക്കുന്നതിനു ചില നിബന്ധനകൾ എല്ലാം ഇല്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ; ഉണ്ട്.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: ദേശിയപതാകയും, യൂണിയൻ പതാകയും തമ്മിൽ വല്ല വ്യത്യാസവും ഉണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു രണ്ടും രണ്ടുതരത്തിലാണ്.

മിസ്റ്റർ സി. വി. ഇയ്യു; രാഷ്ട്രീയ പതാകയേയൊ, യൂണിയൻ പതാകയേയൊ അവഹേളിച്ചതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: യൂണിയൻ flag നും ദേശിയ flag-നും ഒരേ പദം തന്നെ ഉപയോഗിക്കുവാണ്.

HARIJAN HOSTEL, TRICHUR—PARTICULARS OF

124. (279) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ ഹരിജൻ ഹോസ്റ്റൽ നിവർത്തൽ ചെയ്യാൻ ഗവണ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ് അതിനു കാരണം;

(സി) അവിടെ ബോർഡർമാരായി ഇപ്പോൾ എത്രപേർ ഉണ്ട്;

(ഡി) ബോർഡർമാരായി ചേരാൻ കഴിഞ്ഞ വിദ്യാഭ്യാസവർഷത്തിൽ എത്ര പേർ അപേക്ഷിച്ചിരുന്നു;

(ഇ) അവരിൽ എത്ര പേർക്കു ഹോസ്റ്റലിൽ പ്രവേശനം കൊടുത്തു;

(എഫ്) ഹോസ്റ്റൽ നിവർത്തൽ ചെയ്യാനുള്ള കല്പന ഉണ്ടായിട്ടുണ്ടൊ; ഉണ്ടെങ്കിൽ എന്നു തിയ്യതിയിൽ;

(ജി) പിന്നീട് stay ചെയ്യുകൊണ്ടുള്ള കല്പന ഉണ്ടായിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ അതിനുള്ള കാരണം പറയാമോ;

(ഐ) പ്രസ്തുത സ്ഥാപനം തുടർന്നുപോകുന്നതിനു് എന്താണ് തടസ്ഥം?

LIBRARY ARCHIVES Kerala Legislative Assembly